9 -ാം വർഷം
2025
ആഗസ്റ്റ് 24
കൈത്താ അഞ്ചാം ഞായർ



Laity Reflect on
SYRO-MALABAR SUNDAY MASS
SCRIPTURE READINGS



# പാത പാവങ്ങളിലൂടെ

**ലേവ്യ 23:33-44, 2 കോറി 12:14-21, ലൂക്കാ 16: 19-31**

'നമ്മെ അസ്വസ്ഥരാക്കുന്ന ഒരു ദൈവമുണ്ട്. അവൻ ദരിദ്രനാണ്, നഗ്നനാണ്, ആലംബഹീനനാണ്, മേൽവിലാസമില്ലാത്തവനാണ്'

2017 ൽ ലംബോർഗിനി കാർ നിർമാതാക്കൾ പോപ്പ് ഫ്രാൻസീസിന് ഹുറാക്കാൻ എന്ന ലക്ഷ്വറി കാർ സമ്മാനിച്ചു. കൊടുങ്കാറ്റ് എന്നർത്ഥം വരുന്ന ആ ഭീമൻ കാറിന്റെ മുഴുവൻ അഴകും പിന്നീട് സ്നേഹത്തിന്റെ ഭാഷയിൽ കാരുണ്യ കവിതയായി മാറി. കാർ ലേലം ചെയ്തു കിട്ടിയ ഒൻപത് ലക്ഷം ഡോളർ ഇറാഖിലെയും ആഫ്രിക്കയിലെയും അശരണർക്കു കരുതലിന്റെ തണൽ വിരിച്ചു.

സഭ അവളുടെ നാഥനെ പോലെ ദരിദ്രയായിരിക്കണമെന്നു നിരന്തരം പറഞ്ഞുകൊണ്ടിരുന്ന ആ മനുഷ്യസ്നേഹിയുടെ സ്മരണകൾക്കു നടുവിൽ ഇരുന്ന് വേണം ധനവാനെയും ലാസറിനെയും ധ്യാനിക്കാൻ.

## പാവങ്ങളുടെ ദൈവം

പാവപ്പെട്ടവനെ അവഗണിക്കുന്നത്, തന്നെ അവഗണിക്കുന്നതിനു തുല്യമാണെന്നാണ് ദൈവം ധനവാനോടും അതുവഴി നമ്മോടും പറയാതെ പറയുന്നത്. ഈ ചെറിയവരിൽ എന്നെ തിരിച്ചറിഞ്ഞു ചെയ്യുന്ന കരുണയാണ് സ്വർഗ്ഗവാതിൽ തുറക്കാനുള്ള താക്കോൽ എന്ന് അന്ത്യവിധിയിൽ ക്രിസ്തുവും അസന്ദിഗ്ദ്ധമായി പ്രഖ്യാപിക്കുന്നുണ്ട്. തന്നെ അനുഗമിക്കാൻ ആഗ്രഹിച്ചവനോടും അവൻ പറഞ്ഞത് അതു തന്നെ; പോയി നിനക്കുള്ളതെല്ലാം വിറ്റു ദരിദ്രർക്കു കൊടുക്കുക. 'അവൻ കരഞ്ഞു' എന്ന ഏറ്റവും ചെറിയ ബൈബിൾ വാചകം പോലും നമ്മെ ഓർമ്മപ്പെടുത്തുന്നത് മറ്റുള്ളവരുടെ വ്യഥകളെ നിസ്സംഗതയോടെ നോക്കിക്കാണരുതെന്നാണ്.



വിജയ് പി. ജോയി

അപരന്റെ വേദനകളെ മനസ്സിലാക്കാൻ, ആയിരിക്കുന്ന അവസ്ഥകളോടെ അവനെ സ്വീകരിക്കാൻ, ദൈന്യതയിൽ അവനോടൊപ്പം ചേർന്നിരിക്കാൻ സാധിക്കുന്നില്ലെങ്കിൽ സ്വർഗ്ഗം എന്നത് നമുക്ക് സഞ്ചരിച്ചെത്താവുന്ന പ്രകാശവർഷങ്ങൾക്കും അകലെയായിരിക്കും.

'പട്ടിണിക്കാരന്റെ മുമ്പിൽ ദൈവം പോലും അപ്പത്തിന്റെ രൂപത്തിൽ വരാനേ ധൈര്യപ്പെടുകയുള്ളൂ'- ഗാന്ധിജി

ദൈവത്തിന്റെ കണ്ണിൽ ഈ ഭൂമിയിലെ ദരിദ്രരും അഗതികളും അമൂല്യരാണ്. അലഞ്ഞും യാചിച്ചും ഇഹലോകവാസം ജീവിച്ചു തീർക്കുന്ന നിസ്സഹായ മനുഷ്യർക്കു വേണ്ടിയാണ് അവൻ കരം വിരിച്ചു പിടിച്ചിരിക്കുന്നതും മടിത്തട്ട് ഒരുക്കി വച്ചിരിക്കുന്നതും. ക്രിസ്തുവിലൂടെ മനുഷ്യാവതാരം ചെയ്തപ്പോൾ അവിടുന്ന് സ്വീകരിച്ചതും ദരിദ്രന്റെ ഉടൽരൂപമാണ്. ജനിക്കാൻ ഇടമില്ലാതെ, അന്തിയുറങ്ങാൻ ഭവനമില്ലാതെ, കഴിക്കാൻ അപ്പമില്ലാതെ, നികുതിയടയ്ക്കാൻ നാണയമില്ലാതെ, അത്താഴത്തിനു മുറിയില്ലാതെ, മരിച്ചടക്കാൻ കല്ലറയില്ലാതെ അവൻ കടന്നു പോയി. അവന്റെ ഹൃദയത്തിൽ ദരിദ്രരോട് ഒരല്പം സ്നേഹക്കൂടുതൽ ഉണ്ടായില്ലെങ്കിലല്ലേ അത്ഭുതപ്പെടേണ്ടതുള്ളൂ.

'ദരിദ്രനോട് ദയ കാണിക്കുന്നവൻ കർത്താവിനാണ് കടം കൊടുക്കുന്നത്. അവിടുന്ന് ആ കടം വീട്ടും'- സുഭാഷിതം: 19: 17

പാവങ്ങൾ-ദൈവം ഭരമേൽപ്പിച്ചവർ

ദരിദ്രർ എന്നും നിങ്ങളോടു കൂടെയുണ്ടാകുമെന്ന ഓർമ്മപ്പെടുത്തലുമായിട്ടാണ് ക്രിസ്തു മടങ്ങി പോയത്. ഭരമേൽപ്പിക്കപ്പെട്ട പാവങ്ങൾക്കൊപ്പമാണോ ഞാൻ? അവർക്കായി എന്തെല്ലാമാണ് ഞാൻ പങ്കുവയ്ക്കുന്നത്? 'പിതാവായ ദൈവമേ, എന്നിൽ കനിയണമേ' എന്നു പ്രാർത്ഥിക്കാനായി ദൈവസന്നിധിയിൽ അണയുന്ന നിമിഷങ്ങളിലെല്ലാം സ്വയം ഉത്തരം കണ്ടെത്തേണ്ട ചോദ്യങ്ങളാണിവ.

ധനവനെപ്പോലെ, അപരന്റെ ജീവിതം ശരിപ്പെടുത്തുന്നതിനെപ്പറ്റി ആലോചനകളൊന്നുമില്ലാതെ നമ്മുടെ ശരികളിലും സുഖസൗകര്യങ്ങളിലും അടച്ചുപൂട്ടി കഴിയാനാണ് നമുക്കിഷ്ടം. നാം നിശ്ചയമായും പരിഗണിക്കേണ്ട ലാസർമാർ നമ്മുടെ സുരക്ഷിത വലയത്തിനുപുറത്തു നമ്മുടെ കാരുണ്യം പ്രതീക്ഷിച്ചു ജീവിക്കുന്നുണ്ട്. വ്യത്യസ്ത രൂപങ്ങളിൽ, ഭാവങ്ങളിൽ, ദേശങ്ങളിൽ അവരെ നമുക്ക് കണ്ടെത്താനാകും.

മെട്രോകൾ, ഉയർന്ന ഫ്ലാറ്റുകൾ, അതിവേഗ ഹൈവേകളിലെ മുന്തിയ ഇനം കാറുകൾ, കോടികൾ പൊടിയുന്ന ആഘോഷരാവുകൾ ഇവയ്ക്കെല്ലാം ഇടയിൽ ഒരു നേരത്തെ ഭക്ഷണത്തിനു വേണ്ടി കുപ്പത്തൊട്ടിയിൽ തിരയുന്ന ബാല്യങ്ങളുണ്ട്. തൊഴിലിനു വേണ്ടി അലയുന്ന യുവതയുണ്ട്. തല ചായ്ക്കാൻ ഒരിടം തേടുന്ന അഭയാർത്ഥി കുടുംബമുണ്ട്. ജീവിക്കാൻ മാർഗ്ഗമില്ലാതെ ആത്മഹത്യയെ പുൽകാൻ വെമ്പുന്ന നിസ്സഹായരുണ്ട്. വെള്ളപ്പൊക്കത്തിലും കടൽവെള്ളത്തിലും ഒലിച്ചുപോകുന്ന ജീവിതങ്ങളുണ്ട്. ഭക്ഷണത്തിനു വേണ്ടി വരി നിൽക്കുമ്പോൾ വെടിയുണ്ടയേറ്റ് വീഴുന്ന പ്രാണനുകളുണ്ട്. ഒരു പട്ടികയിലും ഇടം കിട്ടാതെ പോകുന്ന ജന്മങ്ങളുണ്ട്. ഇവരെ ചേർത്തുപിടിച്ചും ഇവർക്കൊപ്പം നിലയുറപ്പിച്ചുമാകണം രക്ഷയിലേക്കുള്ള പാത നാം പണിയേണ്ടത്.

ഇന്ന്, ഒരു മധ്യവർഗ കുടുംബത്തിൽ പോലും എല്ലാവിധ സുഖസൗകര്യങ്ങളും സംതൃപ്തിയും സമൃദ്ധിയും നമുക്ക് ദർശിക്കാനാകും. ഈ ലോകത്ത് സ്വസ്ഥത അനുഭവിക്കുന്നവരെ കാത്തിരിക്കുന്നത് നരകത്തിലെ പീഡകളാണെങ്കിൽ പിന്നെ എങ്ങനെയാണ് ഈ ഭൂമിയിൽ അസ്വസ്ഥരാകാനാവുക? അത് ചുറ്റിലുമുള്ള പാവപ്പെട്ടവരുടെ ആവശ്യങ്ങളെയും കഷ്ടതകളെയും പരിഹരിക്കാനുള്ള ചിന്തകളാലാകണം. സാമ്പത്തികമായി അഭിവൃദ്ധിപ്പെടുമ്പോൾ, ദാനമായി നൽകുന്നതിന്റെ അളവും തൂക്കവും കൂട്ടിക്കൊണ്ടായിരിക്കണം. ലഭിച്ച ഭൗതിക സമ്പത്തിനെ അഞ്ചും പത്തും മടങ്ങ് വർധിപ്പിച്ച് വിജയിയാകാൻ മാത്രമല്ല അപരന് ഗുണകരമാകുന്ന രീതിയിൽ ചെലവഴിച്ചു, സ്വർഗ്ഗത്തിലെ നാണയമാക്കി അതിനെ പരിവർത്തനപ്പെടുത്താനും ആലോചനകൾ ഉണ്ടാകണം.

ധനവാൻ തന്റെ ഉപേക്ഷയാലുള്ള പാപങ്ങളെ പ്രതിയാണ് വിധിക്കപ്പെട്ടതെങ്കിൽ നമ്മളും ചിലതൊക്കെ ഉപേക്ഷിക്കാൻ തയ്യാറാകണം. അപരനു സമാശ്വാസവും സമൃദ്ധിയുമായി മാറുന്ന നമ്മുടെ ത്യാഗങ്ങളും ദാനധർമ്മങ്ങളുമാകണം ആ ഉപേക്ഷിക്കലുകൾ. രാജഗുരുവായി മാറിയ മകനോട് അമ്മ പറയുന്നില്ലേ, ഇതിനല്ല, ഇതിനുവേണ്ടിയല്ല ഞാൻ നിന്നെ പഠിപ്പിച്ചത്. പിറ്റേ പുലരിയിൽ ദേശത്തിന്റെ ഒരു കോണിലുള്ള ചേരിയിൽ ഏതാനും കുരുന്നുകൾക്കു മുമ്പിലായി മകന്റെ സ്വരം ഉയർന്നു; അ, ആ, ഇ, ഈ...

'അധികം ലഭിച്ചവനിൽ നിന്നും അധികം ആവശ്യപ്പെടും'- ലൂക്കാ: 12: 48

## പട്ടിണിക്കും സമ്പന്നതയ്ക്കുമിടയിൽ

സ്വർഗ്ഗത്തിനും നരകത്തിനുമിടയിലെ അഗാധ ഗർത്തം പോലെ, പരസ്പരമുള്ള ലയനം സാധ്യമാകാത്ത വിധം ഒരു അകൽച്ച ധനികനും ദരിദ്രനും മധ്യേ ഇന്ന് ലോകത്തിൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. ഈ വേർതിരിവിന്റെ മതിലുകൾ ഉയർന്നു വരുന്നത് ധനികരുടെ സ്വാർത്ഥതയിൽ നിന്നാണ്. ധനവാൻ എന്നതിന് അധികാരവും സമ്പത്തും, മാധ്യമങ്ങളും സംഘടിത ശക്തിയും സ്വന്തമായുള്ളവൻ എന്നും ലാസർ എന്നതിന് അഭയാർത്ഥികൾ, ന്യൂനപക്ഷങ്ങൾ, ദളിതർ, പിന്നാക്കസമുദായങ്ങൾ, യാചകർ, അസംഘടിത തൊഴിലാളികൾ എന്നും ആധുനികകാല വായനയിൽ അർത്ഥമുണ്ട്. പട്ടിണിയെ പോർക്കളത്തിലെ ആയുധമാക്കി മാറ്റുകയും, ദരിദ്രന്റെ അവസാന ആയുധമായ വോട്ടിനെ കട്ടെടുക്കുകയും ചെയ്യും വിധം ഭീകരമാണ് ലോകക്രമം.

ഇഹത്തിലും പരത്തിലുമുള്ള ഈ വിടവിനെ നേർത്തതാക്കാനുള്ള ശ്രമങ്ങളാണ് ക്രൈസ്തവരിൽ നിന്നും ഉണ്ടാകേണ്ടത്. മനുഷ്യനെ നരകപീഡകളിൽ നിന്നും രക്ഷിക്കാൻ കെൽപ്പുള്ള പ്രവാചകന്മാരെപ്പറ്റി

ഉപമയിൽ അവസാന ഭാഗത്തു സൂചനയുണ്ട്. ആ പ്രവാചകദൗത്യം നിസംഗരാകാതെ, ധീരതയോടെ നിറവേറ്റാൻ സഭാതനായർക്ക് വിശേഷാൽ സഭാനേതൃത്വത്തിന് ഉത്തരവാദിത്വം ഉണ്ട്.

അക്രമത്തിനും അസ്വാതന്ത്ര്യങ്ങൾക്കും നടുവിൽ പീഡിതർക്കായി ശബ്ദമുയർ ത്തണം. നീതിയും സമത്വവും പുലരാൻ ശക്തമായ സാമൂഹിക നിലപാടുകൾ എടുക്കണം. പാർശ്വവൽക്കരിക്കപ്പെട്ട വർക്കും ന്യൂനപക്ഷങ്ങൾക്കും നമ്മുടെ സമ്മേളന വേദികളിൽ ഇരിപ്പിടം ഒരുക്കണം. വിരുന്നുകളുടെ ഒരു പങ്ക് ദരിദ്രർക്കും അനാഥർക്കുമായി നീക്കി വയ്ക്കണം. താഴ്ന്ന തരം ജോലികളിൽ ഏർപ്പെടുന്നവർക്കും അർഹമായ ആദരവും പ്രാതിനിധ്യവും നമ്മുടെ സമിതികളിൽ ഉറപ്പാക്കണം. വിവിധങ്ങ ളായ നമ്മുടെ സ്ഥാപനങ്ങൾ എത്ര പാവപ്പെട്ടവർക്ക് പ്രയോജനകരങ്ങളായി മാറുന്നുണ്ടെന്നു ഓഡിറ്റ് ചെയ്യപ്പെടണം. ഭൗതീക നേട്ടങ്ങളേക്കാൾ ആത്മീയ സമ്പത്തിലാണ് കണ്ണുവയ്ക്കേണ്ടതെന്ന് ധ്യാനകേന്ദ്രങ്ങളിൽ ചൊല്ലി കൊടു ക്കണം. സാമ്പത്തിക പ്രശ്നങ്ങളിൽ തട്ടി സ്വർഗത്തിലേക്കുള്ള സഭയുടെ സഞ്ചാരം തടസ്സപ്പെടാതിരിക്കാൻ കരുതൽ ഉണ്ടാകണം. ലഭിക്കാതെ പോയ സൗഭാഗ്യങ്ങളേക്കാൾ കൊടുക്കാതെ പോയ സൗഭാഗ്യങ്ങൾ വ്യക്തിപരമായ വ്യാകുലവും പ്രാർത്ഥനയുമാകണം. ധനവാന്റെയും ലാസറിന്റെയും കഥയുടെ പൊരുൾ കൃത്യമായി പകരാനായാൽ വെള്ളത്തിൽ മുക്കിയ ഒരു വിരലിന്റെ ആർദ്രത പോലും നിഷേധിക്കപ്പെടുന്ന നരകാവസ്ഥയിൽ നിന്ന് ഇളം തലമുറകളെ കരകയറ്റാനാകും.

'വിധവകളുടെ കണ്ണീരൊപ്പാനും അനാഥർക്ക് ഒരു റൊട്ടിക്കഷ്ണം നൽകാനും കഴിയാത്ത ഒരു മതത്തിലും ഞാൻ വിശ്വസിക്കുന്നില്ല'- സ്വാമി വിവേകാനന്ദൻ

**വായിക്കണം പാവങ്ങളെ**

വിക്ടർ ഹ്യൂഗോയുടെ 'പാവങ്ങളെ' മലയാളികൾ സ്വന്തം ഭാഷയിൽ വായിക്കാൻ തുടങ്ങിയിട്ട് നൂറ് ആണ്ടുകൾ പിന്നിടുന്ന വർഷം കൂടിയാണിത്. പാവപ്പെട്ടവനും കുറ്റവാളിയുമായ ഒരുവനെ സമ്പൂർണമായി വിമോചിപ്പിക്കാൻ, അതിഥിയും സഹോദരനുമായി സ്വീകരിച്ച ഡീയിലെ മെത്രാന്റെ കഥ പറയുന്ന പുസ്തകം, സഭ പാവങ്ങൾക്ക് എന്തായിരിക്കണമെന്ന് ഓർമിപ്പിക്കുന്ന ഒരു രചന കൂടിയാണ്. നമ്മുടെ നാടിന്റെ സാമൂഹ്യ വ്യവസ്ഥിതിയെ അടിമുടി മാറ്റി മറിച്ചെന്ന നിരീക്ഷണമുള്ള ആ പുസ്തകത്തെയും ബൈബിളിനൊപ്പം നാം ധ്യാനവിഷയമാക്കണം.

ഹ്യൂഗോ തന്റെ പുസ്തകത്തിനൊപ്പം ഇറ്റാലിയൻ പ്രസാധകർക്കെഴുതിയ കത്തിലെ വരികൾ ഇങ്ങനെയായിരുന്നു. 'പുരുഷന്മാർ അജ്ഞതയിലോ നിരാശയിലോ കഴിയുന്നിടത്തെല്ലാം, സ്ത്രീകൾ അപ്പത്തിനായി സ്വയം വിൽക്കുന്നിടത്തെല്ലാം, കുട്ടികൾക്കു പഠിക്കാൻ പുസ്തകമോ ചൂടുള്ള അപ്പമോ ഇല്ലാത്തിടത്തെല്ലാം ഈ പുസ്തകം വാതിൽമേൽ മുട്ടി പറയും. തുറക്കുക, ഞാൻ നിങ്ങൾക്കായി ഇവിടെയുണ്ട്'

ഈ വരികൾക്ക് സ്വജീവിതം കൊണ്ടു പ്രാണൻ നൽകി ഓരോ ക്രിസ്തുശിഷ്യനും പറയാനാകണം, പാവങ്ങൾക്കായും, പാവങ്ങൾക്കൊപ്പവും ഞാൻ ഉണ്ട്.

**തൊടണം പാവങ്ങളെ**

വലിയ സമ്പത്തും പ്രശസ്തിയും സ്വന്തമാക്കാനായാലും, എത്ര പൊക്കത്തിലും പരപ്പിലും വളരാനായാലും ദരിദ്രന്റെ കണ്ണീർ തുടയ്ക്കാനും വിശപ്പകറ്റാനും സാധിച്ചില്ലെങ്കിൽ ജീവിതം നേട്ടമാകില്ലെന്ന സന്ദേശമാണ് കെവിൻ കാർട്ടർ എന്ന ഫോട്ടോ ജേർണലിസ്റ്റിന്റെ ജീവിതം നമ്മുടെ മുമ്പിൽ ചില്ലിട്ടു വയ്ക്കുന്നത്. കെവിനായിരുന്നു പട്ടിണിക്കോലമായ കുഞ്ഞിന്റെയും അതിനെ ഇരയാക്കാൻ കാത്തു നിൽക്കുന്ന കഴുകന്റെയും ചിത്രം പകർത്തിയത്. 1994 ൽ പുലിറ്റ്സർ പുരസ്കാരം നേടിയ ആ ചിത്രത്തിലെ കുഞ്ഞിന്റെ വിശപ്പകറ്റാൻ പക്ഷേ, കെവിൻ ഒരു ചുവടും മുന്നോട്ടു വച്ചില്ല. അതിനാലാണ് ലോകത്തിന്റെ മുഴുവൻ അംഗീകാരം നേടിയിട്ടും ആത്മാവിൽ ദരിദ്രനാണെന്ന നൈരാശ്യത്തിലും കുറ്റബോധത്തിലും അയാൾ ആത്മഹത്യയുടെ വഴി തെരഞ്ഞെടുത്തത്. ഒന്നു മനസ്സ് വച്ചിരുന്നുവെങ്കിൽ, നിത്യാനന്ദത്തിലേക്കു നയിക്കുന്ന പാവങ്ങളിലൂടെയുള്ള പാത അയാൾക്ക് നടന്നു തീർക്കാനാകുമായിരുന്നു.

ഈ വിചിന്തന രചനയ്ക്കൊടുവിൽ, ഞാൻ പ്രാർത്ഥിക്കുന്നതും അത് തന്നെയാണ്, അക്ഷരങ്ങളാലല്ല, കരങ്ങളാൽ പാവം മനുഷ്യരെ തൊടാൻ എനിക്ക് കൃപ നൽകണമേ.



▲ Editors : Rev. Dr. GEORGE NELLISSERY email: nellisseryg@gmail.com | Rev. VARGHESE KANNAMPILLY email: baijukannampilly@gmail.com
▲ Co-ordinator : SHIJU ACHANDY email: shijuachandy@gmail.com ▲ WEB Hosting : JIJO PANTHALLOOR www.Veeble.com
▲ Layout and Composing : BLYTH GRAPHICS email: blythbiju@gmail.com ▲ Publisher : Rev. PAUL KOTTACKAL (Sr.) email: frpaulkottackal@gmail.com